PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session (Second Meeting) 1970

Monday, the 9th March, 1970

Vol. XXVI] OFFICIAL REPORT **[No. 20**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 9th March, 1970 with Mr. Speaker in the Chair.

I. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the session.)

ORAL ANSWERS

വില്ലേജ് സ്റ്റാഫ് അസോസിയേഷന്റെ മെമ്മോറാണ്ടം

* 49. [530] ശ്രീ. എം. കെ. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വില്ലേജ് സ്റ്റാഫ് അസോസിയേഷൻ എന്തെങ്കിലും മെമ്മോറാണ്ടം ഗവൺമെന്റിലേക്കു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയിലെ പ്രധാന ആവശ്യങ്ങൾ ഏതെല്ലാം;

(സി) ഒരു സമരത്തിലേക്ക് ഈ വിഭാഗം ജീവനക്കാരെ തള്ളിവിടാതെ ഇവരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) ഉണ്ട്.

(ബി) പ്രധാന ആവശ്യങ്ങൾ താഴെ ചേർക്കുന്നവയാണ്.

1. വില്ലേജ് സ്റ്റാഫിന്റെ ശമ്പള പരിഷ്ക്കാരം.
2. വില്ലേജ്മാന് ഒരു പ്രത്യേക കേഡർ ഏർപ്പെടുത്തുക.
3. വില്ലേജ്മാൻമാർക്കു യൂണിഫാറം നൽകുക.
4. വില്ലേജ് സ്റ്റാഫിന്റെ പി. ടി. എ. വർദ്ധിപ്പിക്കുക.
5. മലബാറിലെ ഹെറിഡിറ്ററി സിസ്റ്റമനുസരിച്ചും ഇടവക സർവ്വീസ് അനുസരിച്ചും ഉള്ള മുഴുവൻ സർവ്വീസും പെൻഷനും മറ്റാനുകൂല്യങ്ങൾക്കുവേണ്ടിയും കണക്കാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

6. ഫർക്കാ റവന്യൂ ഇൻസ്പെക്ടർമാരുടെയും, സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർമാരുടെയും 35 ശതമാനം ഒഴിവുകളും വില്ലേജ് ആഫീസർമാരുടെ പ്രമോഷനുവേണ്ടി റിസർവ്വു ചെയ്യുക.

7. മലബാറിലെ വില്ലേജ് പുന:സംഘടനയുടെ ഫലമായി ഗവൺമെൻറിലേക്ക് എടുത്തിട്ടുള്ള വില്ലേജ് ഉദ്യോഗസ്ഥൻമാരെ അന്നുണ്ടായിരുന്നതിനേക്കാൾ കൂടുതൽ പരീക്ഷായോഗ്യതയിൽനിന്നും ഒഴിവാക്കുക.

8. മലബാറിലെ വില്ലേജ് അസിസ്റ്റൻറൻമാർക്ക് തിരു–കൊച്ചിയിലേതുപോലെ പ്രമോഷൻ നൽകുക.

9. വില്ലേജ് സ്റ്റാഫിൻെറ ടി. എ. തക്കസമയത്തു നൽകുക.

10. വില്ലേജ് സ്റ്റാഫിനെ താലൂക്കു കച്ചേരിയിലേക്കു ഡപ്യൂട്ട് ചെയ്യുന്ന സംപ്രദായം അവസാനിപ്പിക്കുക.

11. വില്ലേജ്മാൻ, വില്ലേജ് അസിസ്റ്റൻറ്, വില്ലേജ് ആഫീസർ-എന്നിവരെ ഒരു പ്രത്യേക എക്സിക്യൂട്ടീവു വിഭാഗമാക്കുക.

(സി) മുഖ്യമന്ത്രിയും റവന്യൂമന്ത്രിയുമായി അസോസിയേഷൻ പ്രതിനിധികളും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന ധാരണകളനുസരിച്ച് അസോസിയേഷൻ അവരുടെ സമരപരിപാടികളും പിൻവലിച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: എന്തെല്ലാം ആനുകൂല്യങ്ങളാണ് അവർക്കു നൽകിയതെന്നു പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: ആ മെമ്മോറാണ്ടത്തെ അടിസ്ഥാനമാക്കി എടുത്ത ചർച്ചയിൽ ഗവൺമെൻറു തീരുമാനിച്ചിട്ടുള്ളതു ഇവയാണ്. 1. മലബാറിലെ ഹെറിഡിറ്ററി സർവ്വീസ് അനുസരിച്ചും ഇടവക സർവ്വീസ് അനുസരിച്ചുമുള്ള മുഴുവൻ സർവ്വീസും പെൻഷനും മറ്റാനുകൂല്യങ്ങളുംക്കും വേണ്ടി കണക്കാക്കുന്നതാണ്. അതിനുണ്ടാവുന്ന സാമ്പത്തികബാദ്ധ്യത എത്രയാണെന്നും കണക്കാക്കിയതിനുശേഷം ഉടനെ ഉത്തരവു പുറപ്പെടുവിക്കുന്നതാണ്. വില്ലേജ് ആഫീസർൻമാരെ ഡ്യൂട്ടി ആൻറു റെസ്പോൺസിബിലിറ്റി ടെസ്റ്റിൽ നിന്നൊഴിവാക്കുന്നതിനെസംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങളും എടുത്തിട്ടുണ്ട്. 1. ഒരു പ്രത്യേക ടെസ്റ്റിനെപ്പറ്റിയാണു അതെന്നുണ്ടെങ്കിൽ അതിൽനിന്നും ഒഴിവാക്കാമെന്നുള്ള പ്രിൻസിപ്പിളും അംഗീകരിച്ചു.

2. ഈ ഒഴിവിൽ വരുന്ന പ്രമോഷനു എക്സംപ്ഷൻ ആവശ്യമില്ലെങ്കിൽ ഒരാഴ്ചക്കകം അതിനെസംബന്ധിച്ച് ഒരു ഓർഡർ പുറപ്പെടുവിക്കുന്നതും ഫോർമൽ എക്സംപ്ഷൻ ആവശ്യമുണ്ടെന്നുണ്ടെങ്കിൽ പബ്ളിക്ക് സർവ്വീസു കമ്മീഷനുമായി ആലോചിച്ച് അതു ചെയ്യുന്നതാണ്. കമ്മീഷനുമായി ആലോചിക്കേണ്ടിവരുമ്പോൾ ഇക്കാര്യത്തിൽ ഉത്തരവു പുറപ്പെടുവിക്കാൻ രണ്ടുമൂന്നുമാസക്കാലം വേണ്ടിവരും.

3. വില്ലേജ്മാൻമാർക്ക് വില്ലേജ് അസിസ്റ്റൻറുമാരായി പ്രമോഷൻ കിട്ടുന്നതിനു സഹായകരമായ രീതിയിൽ അവർക്കൊരു പ്രത്യേക കേഡർ സൃഷ്ടിക്കുന്നതിനും തീരുമാനിച്ചു. ടി. എ. തക്കസമയത്തു നൽകുന്നതിനും ഇന്നു കുടിശികയുള്ളതു കൊടുത്തുതീർക്കുന്നതിനും വേണ്ട നടപടികളും ഉടനടി സ്വീകരിക്കുന്നതാണ്. അതിൻെറ പ്രാരംഭമായി അൻപതിനായിരംരൂപവീതം ഓരോ ജില്ലക്കും അനുവദിച്ചിട്ടുണ്ട് എന്നു സംഭാഷണവേളയിൽ ഒന്നാം മെമ്പർ പ്രസ്താവിച്ചു. കുടിശിക തുക ഉടനെ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതാണ്. യൂ. ഡി. ക്ലാർക്കുമാരുടെ കേഡറിലുള്ള റവന്യൂ ഇൻസ്പെക്ടറൻമാരുടെയും, സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടറൻമാരുടെയും തസ്തികയിലേക്കുള്ള പ്രമോഷന്റെ 35 ശതമാനവും വില്ലേജ് ആഫീസറൻമാർക്കു നൽകുന്നതാണ്. റവന്യൂ റിക്കവറി ലാൻഡ് അസൈൻമെൻറു തുടങ്ങിയവ പ്രത്യേകം സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകളുടെയും മറ്റു കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ അവ ഫിക്സു ചെയ്യുന്നതാണ്. സംഭരിച്ച നെല്ലു സൂക്ഷിക്കുന്നതിന് ഒരു സിംഗ്വേജ് അലവൻസും അവർക്കു നൽകുന്നതാണ്.

ശ്രീ. എം. കെ. ജോർജ്: ഈ വില്ലേജ് ആഫീസറൻമാരുടെയും വില്ലേജ് അസിസ്റ്റൻറുമാരുടെയും, വില്ലേജുമാൻമാരുടെയും ടി. എ. മറ്റുള്ള ജീവനക്കാരുടെ ടി. എ. യിൽനിന്നു വളരെ കുറവാണെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതു വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കാൻ ഭയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: ടി. എ. വർദ്ധിപ്പിക്കുന്നതിനെസംബന്ധിച്ച് ഇപ്പോഴും തീരുമാനമൊന്നും എടുത്തിട്ടില്ല. ടി. എ. യുടെ കുടിശിക കൊടുക്കണമെന്നും ടി. എ. തക്കസമയത്തു കൊടുക്കണമെന്നുമാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എം. കെ. ജോർജ്: ടി. എ. കുറവു ചെയ്തതുമാറി മുമ്പുണ്ടായിരുന്ന ടി. എ. കൊടുക്കാൻ ഭയമുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: അതു പരിശോധിക്കാം. കുറവുവരുത്തിയതിന്റെ കാരണമെന്താണെന്നെല്ലാം പരിശോധിക്കാം. അതിന്റെ തത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. കുട്ടികൃഷ്ണൻനായർ: ഈ തീരുമാനപ്രകാരം മലബാർ പ്രദേശത്തുണ്ടായിരുന്ന വില്ലേജുദ്യോഗസ്ഥൻമാരും, തിരു:കൊച്ചിയിലുള്ള ഉദ്യോഗസ്ഥൻമാരും തമ്മിൽ ഉണ്ടായിരുന്ന വിവേചനം പരിപൂർണ്ണമായി അവസാനിച്ചു എന്നു പറയാൻ സാധിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: പൂർണ്ണമായി അവസാനിച്ചോ എന്നറിഞ്ഞുകൂടാ. അവർ ഇപ്പോഴും ഉന്നയിച്ചതായ ആവശ്യങ്ങളിൽ ഇതും ഉൾപ്പെടുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: വില്ലേജ് സ്റ്റാഫ് അസോസിയേഷനിൽനിന്നും ഇന്നത്തെ ലാൻറു ട്രൈബ്യൂണലിലേക്കു റവന്യൂ ഇൻസ്പെക്ടർമാരായി പ്രമോട്ടു ചെയ്യേണ്ട ആളുകളിൽ വില്ലേജ് സ്റ്റാഫിന് എത്ര ശതമാനം അല്ലെങ്കിൽ എന്തു കൊടുക്കുമെന്ന് ഒരു തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഇങ്ങനെയുള്ള പ്രമോഷനെസംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. പ്രധാനമായിട്ട് ആവശ്യപ്പെട്ടത് റവന്യൂ ഇൻസ്പെക്ടേഴ്സിന്റെ പ്രമോഷൻ വരുമ്പോഴും അതിനകത്ത് റിസർവേഷൻ വേണമെന്നാണ് അതു കൊടുത്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ലാൻറു ട്രൈബ്യൂണിലേക്കുള്ള പ്രമോഷൻ റവന്യൂ ഉദ്യോഗസ്ഥൻമാർക്ക് ന്യായമായിട്ടുള്ളതു കിട്ടുന്നില്ല എന്നു പരാതിപ്പെട്ടുകൊണ്ട് 10–ാംതീയതി അവർ ഒരു പെൻഡൗൺ സ്ട്രൈക്കിനു തീരുമാനിച്ചതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: പത്രത്തിൽ വായിച്ചു. അതിൽകൂടുതൽ അറിവൊന്നുമില്ല. ലാൻറു ട്രൈബ്യൂണിലേക്കുള്ള പ്രമോഷൻ വന്നപ്പോൾ അതിലേക്ക് ഇപ്പോൾ നിയമിച്ചിട്ടുള്ള ബി. ഡി. ഒ. മാരും ഗ്രാമസേവകരും അവരുടെ പ്രമോഷൻ പ്രശ്നം ഉന്നയിക്കുകയുണ്ടായി. ഇതു രണ്ടും കൂടി വന്നപ്പോൾ എന്തു ചെയ്യണമെന്നു ഗവൺമെൻറ് ആലോചിച്ചുവരികയാണ്. 10–ാം തീയതി പെൻഡിങ്ങ് സ്ട്രൈക്ക് നടത്തുന്നതായി പത്രത്തിൽ കണ്ടതല്ലാതെ വേറെ യാതൊരറിവുമില്ല. ഗവൺമെൻറിനോടു നിലപാടു ചർച്ചചെയ്യുന്നതിനുള്ള സാവകാശംപോലും അവർ കാണിച്ചിട്ടില്ല.

ശ്രീ. ഇ. ജോൺജേക്കബ്: ഭൂപരിഷ്കരണം നിയമം നടപ്പാക്കുന്നതിനും അതുപോലെതന്നെ നെല്ലു സംഭരിക്കുന്നതിനും ഏറ്റവും കൂടുതലായി സഹകരണം കിട്ടേണ്ട ഒരു വിഭാഗമെന്നുള്ള നിലയിൽ അവർക്കു പ്രത്യേക പരിഗണന കൊടുത്തു–അവർക്കു കൂടുതൽ ശമ്പളമൊന്നും കൊടുത്തില്ലെങ്കിലും അവർക്കു പ്രമോഷൻ കിട്ടാനുള്ള ഉപാധികൾ ഗവൺമെൻറു ദയവായി കണ്ടുപിടിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: പ്രമോഷനെ സംബന്ധിക്കുന്ന പ്രധാന ആവശ്യങ്ങളൊക്കെ ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. അവർപോലും പ്രതീക്ഷിക്കാത്ത പ്രമോഷൻ സ്കോപ്പ് ഇപ്പോഴത്തെ ഗവൺമെൻറുത്തരവുമൂലം ഉണ്ടായിട്ടുണ്ട്. നെല്ലെടുപ്പിനെസംബന്ധിച്ച സിംഗ്വേജ് മുമ്പു കൊടുത്തിരുന്നില്ല. അതു വീണ്ടും ഇപ്പോൾ കൊടുത്തിട്ടുണ്ട്.

ശ്രീ. എം. കൃഷ്ണൻ: മലബാർ പ്രദേശത്തെ വില്ലേജുദ്യോഗസ്ഥൻമാരുടെയും തിരു: കൊച്ചി പ്രദേശത്തെ വില്ലേജ് ഉദ്യോഗസ്ഥൻമാരുടെയും ഇടയിലുള്ള വിവേചനം അവസാനിപ്പിച്ചു സ്കേറെറ് ഒട്ടാകെ ഒരു ഐകരൂപ്യം വരുത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: സ്കേറെറ് ഒട്ടുക്കുള്ള വില്ലേജ് സ്റ്റാഫിൻെറ പ്രമോഷനും മറ്റുമെല്ലാംതന്നെ ഏകീകരിക്കുന്നതിനുള്ള ലക്ഷ്യത്തെ മുൻനിറുത്തിയാണ് ഇത്രയും കാര്യങ്ങൾ ചെയ്തിട്ടുള്ളത്. അതു ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിക്രമം തുടരുന്നതാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഗവൺമെൻറും വില്ലേജ് സ്റ്റാഫ് അസോസിയേഷനും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറനുസരിച്ചു എത്ര ഉറുപ്പിക സാമ്പത്തികബാദ്ധ്യത ഗവൺമെൻറിനു വന്നിട്ടുണ്ടെന്നറിയാമോ?

ശ്രീ. കെ. ടി. ജേക്കബ്: കരാറൊന്നും ഉണ്ടാക്കിയിട്ടില്ല. വില്ലേജു സ്റ്റാഫ് അസോസിയേഷനും ഗവൺമെൻറും തമ്മിൽ കരാറുണ്ടാക്കുന്ന നടപടിയൊന്നുമില്ല. എന്നാൽ അവരുടെ ചില ആവശ്യങ്ങളെ സംബന്ധിച്ച് ഓർഡേഴ്സു കൊടുത്തിട്ടുണ്ട്. അതിൽ ഇൻവോൾവു ചെയ്തിട്ടുള്ള തുക എത്രയാണെന്നു സൂക്ഷ്മമായി കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly